Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2026/VC/2355 (3) തീയതി: 11.02.2026

## സർക്കുലർ

വിഷയം:- കൈറ്റ് – പൊതുവിദ്യാഭ്യാസം – 'Key to Entrance' പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് AI സംവിധാനങ്ങൾ പ്രയോജനപ്പെടുത്തികൊണ്ടുള്ള പ്രത്യേക പരിശീലനം നൽകുന്നത് സംബന്ധിച്ച്

സൂചന:
1. സ.ഉ. (സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.18.
2. സ.ഉ. (സാധാ) നം. 2182/2025/GEDN തീയതി 04.02.2025.
3. കൈറ്റിന്റെ 02.02.2026 ലെ 32-ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ്.

പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന കുട്ടികളുടെ എൻട്രൻസ് പോലുള്ള പൊതു പരീക്ഷയിൽ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സൂചന 2 സർക്കാർ ഉത്തരവിൽ (പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതി മാർഗനിർദേശങ്ങൾ അംഗീകരിച്ച) കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിലെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം ക്രമീകരിക്കാൻ സൂചന 3 ലും തീരുമാനിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ 'Key to Entrance' എന്ന പരിശീലന പരിപാടി കൈറ്റ് വിക്ടേഴ്സ് ചാനലിന്റേയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) ക്രമീകരിക്കുന്നതാണ്. ഇതിനായി ഒരു **പോർട്ടലും** തയ്യാറാക്കിയിട്ടുണ്ട് (www.entrance.kite.kerala.gov.in). 2026 ലെ 'Key to Entrance' പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'Key to Entrance' പരിശീലനത്തിന് ചേരാൻ 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് പോർട്ടലിൽ ക്രമീകരിച്ചിരിക്കുന്ന യൂസർ ഐ.ഡി.യും പാസ്‌വേഡും അതത് സ്കൂളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. അതിനായി സ്കൂൾ പ്രിൻസിപ്പാൾ hsCAP/vhsCAP ലോഗിൻ ഉപയോഗിച്ചോ നോഡൽ ടീച്ചർ അവരവരുടെ ലോഗിൻ ഉപയോഗിച്ചോ കുട്ടികൾക്ക് ലോഗിൻ create ചെയ്ത് നൽകേണ്ടതാണ് (കുട്ടിയുടെ യൂസർ ഐ.ഡി. ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി ആപ്ലിക്കേഷൻ നമ്പരാണ്. ഇത് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പാസ്‌വേഡാണ് പ്രിൻസിപ്പൽ/കരിയർ ഗൈഡ് ജനറേറ്റ് ചെയ്യേണ്ടത്). പോർട്ടലിലെ Downloads-ൽ കുട്ടികൾക്കും പ്രിൻസിപ്പൽ/നോഡൽ അധ്യാപകർക്കുമുള്ള യൂസർ ഗൈഡുകൾ നൽകിയിട്ടുണ്ട്.

2. പൊതു പ്രവേശന പരീക്ഷകൾക്കായി തയ്യാറെടുക്കുമ്പോൾ പ്രായോഗിക പരിശീലനം തന്നെ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. അതിനാൽ കുട്ടികൾക്ക് പരിശീലിക്കുന്നതിനുള്ള Mock Tests പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. സംശയ നിവാരണത്തിനായി കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന പരിശീലന ക്ലാസുകൾ ചാനൽ വഴിയും വെബ് പോർട്ടൽ (*entrance.kite.kerala.gov.in*) വഴിയും, youtube.com/itsvicters ചാനൽ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

3. കുട്ടിയുടെ പഠന വേഗത്തിനും പ്രകടനത്തിനുമനുസരിച്ച് പ്രത്യേക സ്റ്റഡി പ്ലാനുകൾ സോഫ്റ്റ്‌വെയർ തന്നെ ജനറേറ്റ് ചെയ്ത് ലഭ്യമാക്കുന്ന **എ.ഐ. സംവിധാനവും** പോർട്ടലിൽ ഈ വർഷം മുതൽ ഒരുക്കിയിട്ടുണ്ട്. കുട്ടി പങ്കെടുത്ത ഓരോ പരീക്ഷയുടേയും പുരോഗതി വിശകലനം നടത്തി വിവിധ ചോദ്യാവലികൾ ലഭ്യമാക്കുകയാണ് ഇതിലെ രീതി. Beginner, Intermediate, Excellent എന്നിങ്ങനെ മൂന്ന് തലത്തിലുള്ള ചോദ്യങ്ങൾ എ.ഐ. ടൂൾ ഉപയോഗിച്ച് കുട്ടിയുടെ സവിശേഷതയ്ക്കനുസരിച്ച് ലഭ്യമാക്കും. ഈ സംവിധാനങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

4. ആദ്യ ടേമിലെ മോക് ടെസ്റ്റുകളും സ്റ്റഡി പ്ലാനുകളും **ഫെബ്രുവരി 12** മുതലും രണ്ടാം ടേമിലേത് **ഫെബ്രുവരി 20** മുതലും മൂന്നാം ടേമിലേത് **ഫെബ്രുവരി 25** മുതലും കുട്ടികൾക്ക് ലഭ്യമാകും.

5. Physics, Chemistry, Mathematics, Botany, Zoology, Economics, Accountancy, Business Studies, Political Science എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിശീലന പാഠഭാഗങ്ങളാണ് ആദ്യ ഘട്ടം ലഭ്യമാക്കുന്നത്. English, Reasoning, General Awareness വിഷയങ്ങൾ ഫെബ്രുവരി 25 മുതലും ലഭ്യമാകും.

6. എൻട്രൻസ് പരിശീലനത്തിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള എല്ലാ കുട്ടികൾക്കും അവസരം നൽകേണ്ടതുണ്ട്. എന്നാൽ ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും അപര്യാപ്തതയുള്ള കുട്ടികൾക്ക് സ്കൂളിൽ അതിനുള്ള സൗകര്യം ഒരുക്കുന്നതിന് സ്കൂൾ പ്രഥമാധ്യാപകർ/കരിയർ ഗൈഡ്/ നോഡൽ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (ഇക്കാര്യം സൂചന 1 സർക്കാർ ഉത്തരവിനോടൊപ്പമുള്ള ധാരണാപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്).

7. താല്പര്യമുള്ള എല്ലാ കുട്ടികൾക്കും പങ്കെടുക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിനായി പരിശീലന വിവരം എല്ലാ രക്ഷിതാക്കളേയും അറിയിക്കുന്നതിന് PTA/MPTA/CPTA തുടങ്ങി സ്കൂളിലെ എല്ലാ തലങ്ങളിലും ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് നൽകാവുന്നതാണ്.

8. 'Key to Entrance' പരിപാടിയുടെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളുടെയും ഫലപ്രദമായ നടത്തിപ്പിനായി പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ HITC, കരിയർ ഗൈഡ്, NSS പ്രോഗ്രാം ഓഫീസർമാർ, സൗഹൃദ കോ-ഓർഡിനേറ്റർ തുടങ്ങിയവരുൾപ്പെടുന്ന ഒരു ടീമിനെ ചുമതലപ്പെടുത്താവുന്നതാണ്. പരമാവധി കുട്ടികളെ പരിപാടിയിൽ പങ്കെടുപ്പിക്കാനും ആവശ്യമായ പിന്തുണ നൽകാനുമുള്ള നടപടികൾ ഈ ടീമിന്റെ നേതൃത്വത്തിൽ തന്നെ സ്കൂളിൽ നടപ്പാക്കാവുന്നതാണ്.

9. സ്കൂൾ അധികൃതർക്ക് എൻട്രൻസ് പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായങ്ങൾ ആവശ്യമെങ്കിൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
2. എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും
3. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും
5. എല്ലാ എച്ച്.ഐ.ടി.സി./കരിയർ ഗൈഡ്/എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ/ സൗഹൃദ കോ-ഓർഡിനേറ്റർ/നോഡൽ ടീച്ചർമാർക്കും
6. സ്റ്റോക് ഫയൽ

വെബ്പോർട്ടലിലെ സൗകര്യങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും അതിനാവശ്യമായ മേൽ നോട്ടം, അവലോകനം തുടങ്ങിയവ നിർവ്വഹിക്കുന്നതിനുമായി വിവിധ തലത്തിലുള്ള ലോഗിനുകൾ Key to Entrance പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. ഓരോ ഉപയോക്താവിനും നൽകിയിരിക്കുന്ന സൗകര്യങ്ങളാണ് ഇവിടെ വിശദീകരിച്ചിട്ടുള്ളത്.

- Student Login
- Career Guide/Nodal Teacher Login
- hsCap School Login
- vhsCap School Login എന്നിങ്ങനെയാണ് ലോഗിൻ ക്രമീകരിച്ചിട്ടുള്ളത്.

വെബ്പോർട്ടലിലെ Default ആയി Student Login നാണ് ക്രമീകരിച്ചിട്ടുള്ളത്. മറ്റ് ഉപയോക്താക്കൾ അവരുടെ ലോഗിൻ തിരഞ്ഞെടുത്തശേഷം username, password നൽകേണ്ടതുണ്ട്.


- **Student Login** :- പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കൂളുകളിൽ Plus one, Plus two ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യമാണിത്. കുട്ടികളുടെ username ഉം password ഉം അവർ പഠിക്കുന്ന സ്കൂളിൽ നിന്നും ലഭിക്കുന്നതാണ്.
- **Career Guide/Nodal Teacher Login** :- സ്കൂളിലെ Key to Entrance ന്റെ ചുമതലയുള്ള ടീച്ചർക്ക് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യമാണിത്. നിലവിൽ Career Guidance ന്റെ ചുമതലയുള്ള ടീച്ചർ/പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയ NodalTeacher ആണ് ഈ ലോഗിനുപയോഗിക്കേണ്ടത്. ഇവർക്കാവശ്യമായ യൂസർനാമം, പാസ്‌വേർഡ് എന്നിവ KITE ന്റെ ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്.
- **hsCap School Login**:- സ്കൂൾ പ്രിൻസിപ്പലിന് hsCap portal ൽ ലോഗിൻ ചെയ്യാനുപയോഗിക്കുന്ന username, password ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം.
- **vhsCap School Login**:- സ്കൂൾപ്രിൻസിപ്പലിന് vhsCap portal ൽ ലോഗിൻ ചെയ്യാനുപയോഗിക്കുന്ന username, password ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം.

## സ്കൂൾ പ്രിൻസിപ്പൽ ലോഗിൻ (hsCap School Login/vhsCap School Login)


സ്കൂളിന്റെ admin ലോഗിനാണിത്. നിലവിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും വിവരങ്ങൾ ഇതിൽ ലഭ്യമാക്കിയിട്ടുണ്ട്. Student Management, Exam Statistics എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ഇതിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ വർഷത്തെയും കുട്ടികൾക്ക് Key to Entrance പോർട്ടലുപയോഗിക്കുന്നതിനായി പ്രിൻസിപ്പൽ ലോഗിനുപയോഗിച്ച് അവരുടെ പാസ്‌വേർഡ് തയ്യാറാക്കി നൽകണം. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും hsCap School Login ഉം വൊക്കേഷണൽ ഹയർ സെക്കന്ററി

സ്കൂളുകൾ vhsCap School Login ആണുപയോഗിക്കേണ്ടത്. പ്രിൻസിപ്പൽ ലോഗിൻ ഉപയോഗിക്കേണ്ട വിധം ചുവടെ വിശദമാക്കുന്നു.

- https://entrance.kite.kerala.gov.in/ എന്നതാണ് Key to Entrance പോർട്ടൽ ലഭിക്കുന്നതിനുള്ള അഡ്രസ്





- പോർട്ടലിൽ വലതുവശത്ത് മുകളിൽ കാണുന്ന **Login** ൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന window യിൽ ആവശ്യമായ വിവരങ്ങൾ നൽകി ലോഗിൻ ചെയ്യുക.



- hsCap School Login/ vhsCap School Login തിരഞ്ഞെടുക്കുക.
- ജില്ല തിരഞ്ഞെടുക്കുക.
- hscap ൽ സ്കൂൾ Login ചെയ്യുന്നതിനുപയോഗിക്കുന്ന Username (ഉദാ: 7146_adm ) ഉം password ഉം നൽകുക.
- Captcha നൽകുക.
- Login ബട്ടൺ ക്ലിക്ക് ചെയ്യുക.

- സ്കൂളിന്റെ hsCap/vhsCap username, password ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്താൽ ലഭിക്കുന്ന Dashboard ൽ **Student Management, Exam Statistics** എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ കാണാം.
  - **Student Management:-** കുട്ടികളുടെ ലോഗിൻ തയ്യാറാക്കുന്നതിനും password മാറ്റൽ ഉൾപ്പെടെ നടത്തുന്നതിനുമുള്ള സൗകര്യം.
  - **Exam Statistics:-** key to entrance പോർട്ടലിലെ കുട്ടികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള സൗകര്യമാണിത്.




കുട്ടികൾക്ക് ആദ്യമായി ലോഗിൻ ചെയ്യുന്നതിനാവശ്യമായ പാസ്‌വേർഡ് സ്കൂൾ ലോഗിൻ നിന്നും തയ്യാറാക്കി നൽകേണ്ടതുണ്ട്. hsCap/vhsCap ലെ കുട്ടികളുടെ Register Number ആണ് Username ആയി ഉപയോഗിക്കേണ്ടത്.


- **Student Management** ലെ **Manage Students** ൽ ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന window ൽ **Not Registered, Registered, Blocked** എന്നിങ്ങനെ മൂന്ന് Tab കൾ കാണാം.
  - **Not Registered** ൽ പോർട്ടലിൽ ഇതുവരെ ലോഗിൻ ചെയ്ത് രജിസ്റ്റർ ചെയ്യാത്ത കുട്ടികളുടെ വിവരങ്ങൾ ലഭിക്കും.


- ○ **Registered** ൽ ലോഗിൻ ചെയ്ത് രജിസ്ട്രേഷൻ പൂർത്തീകരിച്ച കുട്ടികളുടെ വിവരങ്ങളാണ് ലഭിക്കുന്നത്.
- ○ **Blocked** ൽ സ്കൂളിൽ നിന്നും block ചെയ്തിരിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ലഭിക്കും.

എല്ലാ കുട്ടികളും **Not registered** എന്ന tab ലായിരിക്കും ആദ്യമുണ്ടാവുക. പിന്നീട് ലോഗിൻ ചെയ്ത് Register ചെയ്യുന്നവർ Registered ലേക്ക് മാറും.


**Not registered** എന്ന tab ൽ ഓരോരുത്തർക്കും പ്രത്യേകം password തയ്യാറാക്കുന്നതിനും എല്ലാവർക്കും ഒരുമിച്ച് പാസ്‌വേർഡ് തയ്യാറാക്കുന്നതിനുമുള്ള സൗകര്യമുണ്ട്. എല്ലാവർക്കും ഒരേ പാസ്‌വേർഡ് തയ്യാറാക്കുന്നത് കുട്ടികൾക്ക് **password** നൽകുന്ന പ്രവർത്തനം വേഗത്തിലാക്കുന്നതിന് സഹായിക്കും.

- കുട്ടികളുടെ Username അവരുടെ hsCAP Registration Number (ഉദാ: 9101103078) ആയിരിക്കും. ഇത് ആവശ്യമെങ്കിൽ സ്കൂൾ ലോഗിനിൽ നിന്നും അവർക്ക് നൽകേണ്ടതാണ്. ഈ നമ്പറും പൊതുവായി തയ്യാറാക്കുന്ന പാസ്‌വേർഡും ആദ്യം എല്ലാവർക്കും നൽകേണ്ടതുണ്ട്.
- പൊതുവായ password തയ്യാറാക്കുന്നതിന് **Not registered** എന്ന tab ലെ **Bulk Credential Setup** ന നേരെ **Generate Common Password** എന്ന ബട്ടൺ ഉപയോഗിക്കുക. ഇതിൽ ക്ലിക്ക് ചെയ്ത് എല്ലാ കുട്ടികൾക്കുമായി ഒരു Common password തയ്യാറാക്കാം.




- സ്കൂൾ ലോഗിനിൽ ഒരിക്കൽ common password തയ്യാറാക്കിയാൽ പിന്നീട് **Generate Common Password** എന്ന ബട്ടൺ ലഭ്യമാകില്ല; അതേ സ്ഥാനത്ത് Current Common password നേരത്തെ തയ്യാറാക്കിയ password ലഭ്യമാകും. ഇതിനോടൊപ്പമുള്ള Eye icon ൽ ക്ലിക്ക് ചെയ്ത് ഈ password കാണാം. കുട്ടികൾക്ക് എല്ലാവർക്കും ഈ password നൽകിയാൽ മതിയാകും.





- **Not registered** എന്ന tab ൽ **CURRENT COMMON PASSWORD ******** ൽ ലഭിക്കുന്ന നാം തയ്യാറാക്കിയ common password ഉം അവരവരുടെ hsCAP Registration Number **(ഉദാ: 9101103078)** username ആയും ഉപയോഗിച്ച് കുട്ടികളെല്ലാവരും ആദ്യമായി ലോഗിൻ ചെയ്യാൻ നിർദേശിക്കണം.

- പൊതുവായി ഒരു പാസ്സ്‌വേർഡ് സെറ്റ് ചെയ്തിരിക്കുന്നത് എല്ലാവരും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എളുപ്പമാക്കുന്നതിനാണ്. ഇതുപയോഗിച്ച് ഓരോ കുട്ടിയും ലോഗിൻ ചെയ്യുമ്പോൾ അവരുടേതായ വിവരങ്ങൾ ശരിയായി നൽകി ലോഗിൻ പൂർത്തിയാക്കാൻ ആവശ്യപ്പെടണം.


- Common Password തയ്യാറാക്കുന്നതിനുപകരം ഓരോ കുട്ടിക്കും അവരുടേതായ password ഉം തയ്യാറാക്കി നൽകാം. Not Registered tab ൽ കുട്ടിയുടെ പേരിനുനേരെയുള്ള Action ബട്ടണിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന Reset password ഉപയോഗിച്ച് കുട്ടിക്കുള്ള password തയ്യാറാക്കാം.



- കുട്ടികൾ ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ നിലവിലെ common പാസ്സ്‌വേർഡ് നൽകി ഒരു പുതിയ പാസ്സ്‌വേർഡ് തയ്യാറാക്കണം. Password ൽ ചുരുങ്ങിയത് 8 ക്യാരക്ടറുകളെങ്കിലും ഉണ്ടായിരിക്കണം. പുതിയ പാസ്‌വേഡ് സെറ്റ് ചെയ്യുന്നതോടെ ഓരോ കുട്ടിക്കും അതുപയോഗിച്ച് മാത്രമായിരിക്കും പിന്നീട് ലോഗിൻ ചെയ്യാൻ കഴിയുക.





- Register ചെയ്ത കുട്ടികൾക്ക് ഏതെങ്കിലും കാരണവശാൽ പാസ്സ്‌വേർഡ് നഷ്ടപ്പെടുകയാണെങ്കിൽ അവർ ആവശ്യപ്പെടുന്ന പക്ഷം സ്കൂൾ ലോഗിനിൽ നിന്നും ഇത് റീസെറ്റ് ചെയ്ത് കൊടുക്കാവുന്നതാണ്. അപ്പോൾ CURRENT COMMON PASSWORD അല്ല നൽകേണ്ടത്. **Registered** Tab ൽ അവരുടെ പേരിനുനേരെ ലഭ്യമാകുന്ന Action ൽ Reset Password ലെ Generate New Password ഉപയോഗിച്ച് പുതിയ password തയ്യാറാക്കി നൽകണം.





- Entrance പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന എല്ലാ കുട്ടികൾക്കും Key to Entrance പോർട്ടൽ ഉപയോഗിക്കുന്നതിനാവശ്യമായ Username, password ലഭിച്ചുവെന്ന് പ്രിൻസിപ്പൽമാരും ചുമതലയുള്ള അധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്.

- കുട്ടി ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ password മാറ്റുന്നതിനുള്ള സൗകര്യം ലഭിക്കുമെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് ലഭ്യമാകുന്ന window ൽ Complete Student Registration ലെ Personal Details ശരിയായ രീതിയിൽ പൂരിപ്പിച്ച് Complete Registration എന്ന ബട്ടണുപയോഗിച്ച് Registration പൂർത്തിയാക്കണം.




- ഈ ജാലകത്തിൽ വിവരങ്ങൾ നൽകി Complete Registration ചെയ്തിട്ടുള്ള കുട്ടികളുടെ പേരുകൾ സ്കൂൾ ലോഗിനിലെ Registered എന്ന Tab ൽ ലഭ്യമാകും.


സ്കൂൾ ലോഗിനിലെ **Registered** tab ൽ ഓരോ കുട്ടിയുടെയും Profile details കാണിക്കുന്നതിനൊപ്പം പഠനപ്രവർത്തനത്തിന്റെ അവലോകനവും ലഭിക്കുന്നു.





| # | USERNAME | FULL NAME | YEAR | CLASS | STREAM | QUIZ ATTEMPTS | PERFORMANCE | BADGES EARNED | STATUS | ACTION |
|---|---|---|---|---|---|---|---|---|---|---|
| 1 | 654321 | Abhishek | 2025 | Plus One | Computer Science | 5 Quizzes (875 Qs Attended) | 25% | 0 | Active | |
| 2 | 9101103037 | Adwaith | 2025 | Plus One | Science | 6 Quizzes (385 Qs Attended) | -25% | 0 | Active | |
| 3 | 9101103040 | Ajith | 2025 | Plus Two | Science | 3 Quizzes (175 Qs Attended) | 10% | 0 | Active | |
| 4 | 9101103049 | Akhil | 2025 | Plus One | Science | - | 0% | 0 | Active | |
| 5 | 9101103078 | Amina | 2025 | Plus Two | Science | 1 Quizzes (35 Qs Attended) | 100% | 0 | Active | |
| 6 | 9101103032 | Anil | 2025 | Plus One | Science | 5 Quizzes (280 Qs Attended) | 43.75% | 0 | Active | |
| 7 | | | | | Computer | 124 Quizzes | | | | |

- Registered ലെ കുട്ടിയുടെ പേരിനുനേരെയുള്ള Action ൽ കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

- Edit Detail ഉപയോഗിച്ച് കുട്ടികളുടെ profile details തിരുത്താം
- Reset Password ഉപയോഗിച്ച് Registration പൂർത്തീകരിച്ച കുട്ടികളുടെ password reset ചെയ്യാം.





- Block Access ഉപയോഗിച്ച് ആവശ്യമെങ്കിൽ ലോഗിൻ നിയന്ത്രിക്കാം
- View Analytics ൽ Student Performance Analyse ചെയ്യാം
- Samagra Learning Room ൽ Topic wise Performance Analysis ലഭ്യമാക്കിയിട്ടുണ്ട്.




## Exam Statistics

key to entrance പോർട്ടലിൽ കുട്ടികൾ നടത്തുന്ന പഠനപ്രവർത്തനങ്ങൾ അവലോകനം ചെയ്യാനുള്ള സൗകര്യം സ്കൂൾ ലോഗിനിൽ ലഭ്യമാണ്.




Exam Statistics ലെ View Analytics ൽ Exam കളും അവയുടെ Result കളുമടങ്ങിയ Analysis ലഭിക്കും.

- ലഭ്യമാക്കിയിട്ടുള്ള Exam, വിഷയം, അതിലെ ചോദ്യങ്ങളുടെ എണ്ണം, തീയതി തുടങ്ങിയ വിവരങ്ങൾ ഇതിൽ ലഭിക്കും.



Exam results

Reload

Show 10 entries | Copy | Print | Excel | PDF | Search:

| # | Exam | Course | Lecturer | Total Ques. | Time | Date | |
|---|---|---|---|---|---|---|---|
| 1 | Botany1 | Botany | Botany | 10 | 10 Minute | 2026-02-06 15:13:12 | View Results |
| 2 | ECO SY T1 E3 | Economics | Economics | 20 | 30 Minute | 2026-02-05 17:36:15 | View Results |
| 3 | PHYT1E1 | Physics | Physics | 20 | 20 Minute | 2026-02-01 07:38:10 | View Results |
| 4 | PHYT1E1 | Physics | Physics | 20 | 20 Minute | 2026-02-01 07:32:17 | View Results |


  - View Results :-ഓരോ Exam ലും ആരൊക്കെയാണ് പങ്കെടുത്തതെന്നും അവരുടെ Result ഉം Exam വിശദാംശങ്ങളും ലഭിക്കുന്നതിന്.
  - Eye icon : ഓരോ Exam ലെയും ചോദ്യങ്ങളും Answer option നുകളും കാണാം.
- View Results ൽ ഓരോ Exam ന്റെയും Start date, End date, ആരൊക്കെ പങ്കെടുത്തു അവരുടെ പരീക്ഷയിലെ Score തുടങ്ങിയ വിശദാംശങ്ങൾ കാണാം.

| | | | |
|---|---|---|---|
| Exam Name | PHYT1E1 | Course | Physics |
| Total Questions | 20 | Lecturer | Physics |
| Time | 20 Minute | | |
| Start Date | Sunday, 01 Feb 01 | | |
| Completion Date | Monday, 30 Mar 30 | | |

Show 10 entries Search:

| # | Name | Correct Answers | Incorrect Answers | Not Answered | Marks Obtained | View Exam Result |
|---|---|---|---|---|---|---|
| 1 | Anju | 0 | 0 | 20 | 0 | 👁 |
| 2 | Hari | 1 | 11 | 8 | -7 | 👁 |
| 3 | Nisha | 0 | 0 | 20 | 0 | 👁 |
| 4 | Amina | 4 | 16 | 0 | 0 | 👁 |
| 5 | Arun | 6 | 14 | 0 | 10 | 👁 |

- View Results ൽ കുട്ടിയുടെ Marks ന് നേരെ വലത്തെയറ്റത്തുള്ള Eye icon ൽ അവരുടെ Exam Sheet ലഭിക്കും. ചോദ്യങ്ങളും ശരിയായ Answer ഉം അവർ നൽകിയ Answer ഉം അടങ്ങിയതാണിത്.





കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ വിലയിരുത്തി അവർക്കാവശ്യമായ സഹായം ചെയ്യുന്നതിനാണ് ഈ സൗകര്യങ്ങൾ നൽകിയിരിക്കുന്നത്. അതിനാൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കു കൂടി ഈ സൗകര്യങ്ങൾ പരിചയപ്പെടുത്തേണ്ടതാണ്.

## Career Guide/Nodal Teacher Login

Key to Entrance ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് എല്ലാം സ്കൂളിലും ഒരു ടീച്ചറെ ചുമതലപ്പെടുത്തണം. Career Guidance ന്റെ ചുമതലയുള്ള ടീച്ചറാണ് Key to Entrance നും നേതൃത്വം നൽകേണ്ടത്. പ്രിൻസിപ്പലിന് ആവശ്യമെങ്കിൽ ഒരു നോഡൽ ടീച്ചറെയും ഈ കാര്യങ്ങൾക്കായി നിയോഗിക്കാം. ഇവർക്ക് ലോഗിൻ ചെയ്യുന്നതിനുള്ള യൂസർനാമം, പാസ്‌വേർഡ് എന്നിവ KITE ന്റെ ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്. **പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി Nodal**

**Teacher ന്റെ ലോഗിനും സ്കൂളിലെ Admin Login ആയി പരിഗണിച്ചിട്ടുള്ളതിനാൽ മുകളിൽ വിശദീകരിച്ചിരിക്കുന്ന hsCap Login ലെ എല്ലാ സൗകര്യങ്ങളും Career Guide/Nodal Teacher Login ലും ലഭിക്കുന്നതാണ്.** എന്നാൽ അവർ Login തിരഞ്ഞെടുക്കുമ്പോൾ Career Guide/Nodal Teacher Login ഉപയോഗിക്കണം.




വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഹയർസെക്കണ്ടറി തലത്തിലെ കുട്ടികളെ സഹായിക്കുന്നതിനായി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയും **Key to Entrance** വെബ് പോർട്ടലിലൂടെയും സമഗ്രമായ പരിശീലന പരിപാടികൾ ഒരുക്കിയിട്ടുണ്ട്. **Key to Entrance** പോർട്ടലിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്ന വിധമാണ് ഇവിടെ വിവരിക്കുന്നത്. പോർട്ടലിലെ Student Login ൽ Personalized Study Plan, Digital Classes, Mock Tests, Performance Analytics തുടങ്ങിയ സൗകര്യങ്ങൾ ചേർത്തിട്ടുണ്ട്. കുട്ടികൾക്ക് സ്വയം പഠനത്തിനും പ്രായോഗിക പരിശീലനത്തിനും ഇവ ഉപയോഗിക്കാം. അധ്യാപകരുടെയും AI സാങ്കേതിക വിദ്യയുടെയും ഒരുമിച്ചുള്ള മേൽനോട്ടത്തിൽ പരീക്ഷകൾക്കാവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനുള്ള അവസരം ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. കുട്ടികൾക്ക് Key to Entrance പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗവും പോർട്ടലിലെ നിരവധിയായ പഠനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധവുമാണ് ഇവിടെ വിശദീകരിക്കുന്നത്.


## Student Login

കുട്ടികൾക്ക് Key to Entrance പോർട്ടലിലെ എല്ലാ സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് Student ആയി ലോഗിൻ ചെയ്യേണ്ടതുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് അവരുടെ സ്കൂളിൽ നിന്നും ലോഗിൻ ചെയ്യുന്നതിനാവശ്യമായ username ഉം password ഉം തയ്യാറാക്കി നൽകുന്നതാണ്. കുട്ടികൾ അതുപയോഗിച്ച് ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ അവരവരുടെതായ ഒരു പാസ്‌വേർഡ് തയ്യാറാക്കുന്നതിനും Profile Details ചേർക്കുന്നതിനുമുള്ള സൗകര്യം ലഭിക്കും. സ്കൂളിൽ നിന്നും നിങ്ങളുടെ username, password ആവശ്യപ്പെടുക. അതുപയോഗിച്ച് തുടർന്ന് വിവരിച്ചിട്ടുള്ള രീതിയിൽ പോർട്ടലിലെ സൗകര്യങ്ങളുപയോഗിക്കാം.


- https://entrance.kite.kerala.gov.in/ എന്നതാണ് Key to Entrance പോർട്ടൽ ലഭിക്കുന്നതിനുള്ള അഡ്രസ്




- പോർട്ടലിലെ **Login** ബട്ടനിൽ ക്ലിക്ക്ചെയ്താൽ ലഭിക്കുന്ന window യിൽ ആവശ്യമായ വിവരങ്ങൾ നൽകി ലോഗിൻ ചെയ്യുക.




- കുട്ടികൾ ലോഗിൻ ചെയ്യുന്നതിന് Student Login നാണ് തിരഞ്ഞെടുക്കേണ്ടത്
- കുട്ടികളുടെ Username അവരുടെ hsCAP Registration Number (ഉദാ: 9101103078) ആയിരിക്കും. ഇത് കുട്ടിയുടെ കൈവശം ലഭ്യമല്ലെങ്കിൽ സ്കൂളിൽ നിന്നും നൽകുന്നതാണ്.
- ആദ്യമായി ലോഗിൻ ചെയ്യുന്നതിനായി സ്കൂളിൽ നിന്നും ലഭിച്ച password ഉപയോഗിക്കാം. സ്കൂളിലെ സൗകര്യത്തിനായി എല്ലാവർക്കും ഒരേ പാസ്‌വേർഡ് ആയിരിക്കും നൽകുന്നത്. ഓരോ കുട്ടിയും ലോഗിൻ ചെയ്യുമ്പോൾതന്നെ common password മാറ്റി സ്വന്തം password തയ്യാറാക്കുവാനാവശ്യപ്പെടും. തുടർന്ന് നിങ്ങൾ തയ്യാറാക്കുന്ന password ഉപയോഗിച്ച് മാത്രമായിരിക്കും ലോഗിൻ ചെയ്യുവാൻ കഴിയുന്നത്. അതിനാൽ പുതിയതായി തയ്യാറാക്കുന്ന password രേഖപ്പെടുത്തി സൂക്ഷിക്കുക.




- ഏതെങ്കിലും കാരണത്താൽ നിങ്ങളുടെ password നഷ്ടപ്പെടുകയാണെങ്കിൽ സ്കൂളിൽ നിന്നും അത് Reset ചെയ്ത് നൽകുന്നതിനുള്ള സൗകര്യമുണ്ട്.
- ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ പാസ്‌വേഡ് മാറ്റിയശേഷം ലഭിക്കുന്ന Complete Student Registration ൽ Personal Details ലെ വിവരങ്ങൾ ശരിയായ രീതിയിൽ പൂരിപ്പിച്ച് Complete Registration എന്ന ബട്ടണുപയോഗിച്ച് Registration ചെയ്യേണ്ടതാണ്.





Registration പൂർത്തീകരിച്ചതിനുശേഷംമുതൽ **കുട്ടികൾക്ക് അവരുടെ username ഉം അവർ പുതിയതായി തയ്യാറാക്കിയ password ഉം ഉപയോഗിച്ച് ലോഗിൻ ചെയ്ത്** പഠനപ്രവർത്തനങ്ങളും പരീക്ഷകളും ക്ലാസുകളുമൊക്കെ എപ്പോഴും പ്രയോജനപ്പെടുത്താവുന്നതാണ്.

### സ്റ്റുഡന്റ് ലോഗിനിൽ ലഭിക്കുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടാം


- Key To Entrance ലോഗിൻപേജിൽ username, password, Captcha എന്നിവ നൽകി ലോഗിൻ ചെയ്യുക.



- ലോഗിൻ ചെയ്താൽ **Key To Entrance** പോർട്ടലിന്റെ ഹോം പേജ് ലഭ്യമാകും. Home പേജിലെ Main Menu(ഇടത് വശത്ത്) ൽ **Dashboard, Exam** എന്നീ ഓപ്ഷനുകൾ ലഭ്യമാണ്.




- Dashboard ലെ **Entrance Preparation Hub** ൽ **Exam Suite, Learning Room** എന്നിവ കാണാം. അതിനുതാഴെ **Active Exams** ഉം തുടർന്ന് ഓരോ വിഷയത്തിന്റെയും **Learning Modules** ന്റെ ഭാഗമായി വിവിധ വിഷയങ്ങളുടെ വീഡിയോകളും ഉൾപ്പെടുത്തിയിട്ടുണ്ട്.
  - **Exam Suite : -** അധ്യാപകർ തയ്യാറാക്കിയിരിക്കുന്ന പരീക്ഷകളുപയോഗിച്ച് കുട്ടികൾക്ക് പരിശീലിക്കുന്നതിനുള്ള അവസരമാണ് ഇവിടെയൊരുക്കിയിരിക്കുന്നത്.
  - **Learning Room :-** A I യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സമഗ്രവും വ്യക്തിഗതവുമായ പരിശീലന പദ്ധതിയാണ് Samagra AI Learning Room ൽ ഉൾപ്പെടുന്നത്.




- Dashboard ലെ **View Examinations/Active Exams** ഇവയിൽ ഏതെങ്കിലും ഒന്നുപയോഗിച്ച് സ്റ്റുഡന്റിന് Exam അറ്റൻഡ് ചെയ്യാവുന്നതാണ്.


## Exam Suite ഉപയോഗിക്കുന്ന വിധം

- Exam Suite ലെ **View Examinations** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ കുട്ടികൾക്ക് അറ്റൻഡ് ചെയ്യേണ്ട വിവിധ വിഷയങ്ങളുടെ Exams ലഭ്യമാകും.

  ഉദാ: PHYT1E1 എന്നത് Physics ലെ Term 1 ലെ Exam 1 നെയാണ് സൂചിപ്പിക്കുന്നത്.





- **Action** നുതാഴെ കാണുന്ന **Take Exam** ൽ നിന്നും എക്സാം പേജ് ലഭിക്കും. എക്സാം റൂൾസ് വായിച്ചതിനുശേഷം **Start Exam** ഉപയോഗിച്ച് ആരംഭിക്കാം





- എക്സാം ആരംഭിച്ചാൽ നിശ്ചിതസമയത്തിനുള്ളിൽ എക്സാം പൂർത്തിയാക്കണം. Remaining time പരീക്ഷാജാലകത്തിൽ ലഭിക്കുന്നതാണ്.

- ഒരോ ചോദ്യവും attend ചെയ്തശേഷം Next ബട്ടണോ Question Navigation ലെ അടുത്ത ചോദ്യനമ്പർ ക്ലിക്ക് ചെയ്തോ മുന്നോട്ട് പോകാം.


- ഉത്തരം രേഖപ്പെടുത്തിയശേഷം അതിൽ സംശയം തോന്നിയാൽ ആ ചോദ്യം Doubt എന്ന് രേഖപ്പെടുത്തി മാറ്റിവെക്കാവുന്നതാണ്. Doubt രേഖപ്പെടുത്തിയ ചോദ്യനമ്പറുകൾ നീല നിറത്തിലും അല്ലാത്തവ പച്ച നിറത്തിലും Question Navigation ൽ ദൃശ്യമാകും.





- Doubt രേഖപ്പെടുത്തിയ ഏതെങ്കിലും ഉത്തരം ശരിയാണെന്നതോന്നിയാൽ ആ ചോദ്യനമ്പർ സെലക്ട് ചെയ്താൽ Answer option നുകൾക്കുതാഴെ ലഭിക്കുന്ന **No Doubt** ബട്ടൺ പ്രസ്സ് ചെയ്താൽ മതിയാകും.





- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം മാർക്ക് ചെയ്യുതിനുശേഷം **Finish Exam** ഉപയോഗിച്ച് എക്സാം പൂർത്തിയാക്കാം




- എല്ലാം റിസൾട്ട് പ്രിന്റ്(**Print Results**) ചെയ്യാനും ചോദ്യങ്ങൾ വിശകലനം(**View Exam**) ചെയ്യാനുമുള്ള സൗകര്യങ്ങൾ ഉണ്ട്.





- View Exam ൽ ഓരോ ചോദ്യത്തിന്റെയും വിശകലനം **Answer Description** ൽ കാണാം




- Dashboard ലെ **View Analytics** ൽ കുട്ടിയുടെ EXAM PERFORMANCE OVERVIEW ലഭ്യമാകും




- Dashboard ന്റെ താഴെ ഭാഗത്ത് കാണുന്ന **Learning Modules** ലെ വീഡിയോ ലിങ്കുകളിൽ KITE Victers ചാനൽ സംപ്രേഷണം ചെയ്യുന്ന entrance പരീക്ഷാപരിശീലന ക്ലാസ്സുകൾ കാണാം





## Learning Room (SAMAGRA AI)

ഒരു വിദ്യാർത്ഥി തന്റെ പ്രൊഫൈലിൽ ലോഗിൻ ചെയ്യുമ്പോൾ **Entrance Preparation Hub** എന്ന പേജിലേക്കാണ് പ്രവേശിക്കുന്നത്. വിവിധ എൻട്രൻസ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനു സഹായിക്കുന്ന വ്യത്യസ്ത പരിശീലനങ്ങൾ അടങ്ങിയ Exam Suite, Learning Room എന്നിവ ഇവിടെ കാണാം. ഇതിൽ Exam Suite ൽ ലഭ്യമാകുന്ന സൗകര്യങ്ങൾ നമ്മൾ തിരച്ചറിഞ്ഞല്ലോ? തുടർന്ന് Samagra AI അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന Learning Room പരിചയപ്പെടാം.




A. I. യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സമഗ്രവും വ്യക്തിഗതവുമായ പരിശീലന പദ്ധതിയാണ് Samagra Learning Room ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വിദ്യാർഥികൾക്ക് ക്രമീകരിക്കാവുന്ന പഠന പദ്ധതികൾ (Personalised Study Plans), പരീക്ഷകൾ, പരീക്ഷകളുടെ അടിസ്ഥാനത്തിൽ കൂടുതൽ മികവ് പുലർത്തേണ്ട മേഖലകൾ തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രത്യേകം സ്റ്റഡി പ്ലാനുകൾ (Suggestive Learning Strategies), വീഡിയോ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുന്ന നോട്ടുകൾ, performance analysis റിപ്പോർട്ടുകൾ തുടങ്ങി വ്യത്യസ്തങ്ങളായ സൗകര്യങ്ങൾ ഇതിലുണ്ട്.





Samagra Learning Room ൽ പ്രധാനമായും ചുവടെ നൽകിയിരിക്കുന്ന അഞ്ച് സൗകര്യങ്ങൾ ഉണ്ട്

- Targeted Practice
- Subject Drill
- Snowball Practice
- Study Plans
- Personalize

Targeted Practice, Subject Drill, Snowball Practice എന്നിവ വ്യത്യസ്ത ഒബ്ജക്റ്റീവ് പരീക്ഷാ രീതികളാണ്.

## Targeted Practice

ഒരു പ്രത്യേക പാഠഭാഗം (Topic) അടിസ്ഥാനമാക്കിയുള്ള ചെറിയ പരിശീലന ടെസ്റ്റുകളാണ് Targeted Practice. തെരഞ്ഞെടുത്ത വിഷയത്തെക്കുറിച്ചുള്ള ഗ്രാഹ്യം ഉറപ്പിക്കുന്നതിനായി പരമാവധി 10 ചോദ്യങ്ങളാണ് ഓരോ പരീക്ഷയിലും രൂപകൽപ്പന ചെയ്തിട്ടുള്ളത്. Eg :- Laws of Motion, Atomic Structure, Colligative Properties, Atomic Models and their Limitations etc.





ഒരു ടെസ്റ്റ് ആരംഭിക്കാൻ, താഴെ കാണുന്ന നാല് ഘടകങ്ങൾ തിരഞ്ഞെടുക്കേണ്ടതുണ്ട്:


- Course (Plus One / Plus Two)
- Difficulty Level (Beginner / Intermediate / Excellent)
- Subject
- Topic

Political Science , Economics എന്നീ വിഷയങ്ങളിൽ XII വിഷയങ്ങളുടെ ടോപിക്കുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. CUET സിലബസിൽ രണ്ടാം വർഷത്തെ ടോപിക്കുകൾ മാത്രമായതിനാലാണിത്.


തെരെഞ്ഞെടുത്ത കോഴ്സ്, ലെവൽ, വിഷയം, പാഠഭാഗം എന്നിവ അടിസ്ഥാനമാക്കി ഒരു നിശ്ചിത പരിശീലന (Targeted Practice) പരീക്ഷ നടത്തുന്ന പ്രധാന പേജിലേക്ക് എത്തുന്നതോടെ പരീക്ഷ ആരംഭിക്കും. പരീക്ഷ സംവിധാനത്തിൽ (Exam Interface/ Exam Widget) വ്യത്യസ്ത സജ്ജീകരണങ്ങൾ നൽകുന്ന ബട്ടണുകൾ ലഭ്യമാണ് അവയെക്കുറിച്ച് താഴെ വിശദീകരിച്ചിട്ടുണ്ട് .




*എല്ലാ ഉത്തരങ്ങളും attend (answer/Mark/skip) ചെയ്തതിനുശേഷം മാത്രമേ final submit ബട്ടൺ പ്രത്യക്ഷമാവുകയുള്ളൂ.*




*തെറ്റായ ഉത്തരങ്ങൾ മാർക്ക് ചെയ്തിട്ടുണ്ടെങ്കിൽ, final submit നു ശേഷം ശരിയായ ഉത്തരവും ലഭ്യമാക്കും*




ഒരു ടെസ്റ്റ് പൂർത്തിയാക്കിയ ശേഷം, Try Again ഓപ്ഷൻ ഉപയോഗപ്പെടുത്തിയാൽ അതേ ടോപ്പിക്കിലെ വ്യത്യസ്ത ചോദ്യ സെറ്റുകൾ ലഭ്യമാകും.

ഒരു പരീക്ഷ പൂർത്തിയാക്കി Final submission നടത്തിയാൽ, പ്രസ്തുത പരീക്ഷയുടെ വിശദമായ ഒരു Performance Analysis Report തയ്യാറാക്കപ്പെടുന്നു.

## Performance Analysis Report


പരീക്ഷയിലെ പ്രകടനം, കൃത്യത, ചെലവഴിച്ച സമയം, വിഷയാടിസ്ഥാനത്തിലുള്ള ഫലങ്ങൾ എന്നിവ ഈ റിപ്പോർട്ടിൽ സംഗ്രഹമായി ലഭ്യമാകും. ഈ graphical representation കുട്ടിയുടെ അറിവിന്റെ ശക്തികളും(Strong Area) മെച്ചപ്പെടുത്തേണ്ട മേഖലകളും(weak area) തിരിച്ചറിയാൻ സഹായിക്കുന്നു.

- **Score Breakdown** – Shows the number of correct, wrong, and unanswered questions, along with marks and percentages for each category.
- **Final Score** – Displayed clearly for quick reference.
- **Score Distribution** – A colour-coded chart representing correct, wrong, and unanswered responses for easy visual understanding.

- **Overall Performance** – A progress bar indicating the percentage of marks obtained out of the total score.
- **Side Panel Details** – Displays the Current Goal, progress within that goal, and Previous Attempts with their scores and difficulty levels.


## View Notes

Test Screen ന്റെ താഴെയുള്ള View Notes ഓപ്ഷൻ, ടെസ്റ്റിനായി തെരഞ്ഞെടുത്ത പാഠഭാഗവുമായി ബന്ധപ്പെട്ട സമഗ്ര പഠന സാമഗ്രികളിലേക്കുള്ള ലിങ്കാണ്. ഇതിൽ short notes, വിശദീകരണാത്മക ചിത്രങ്ങൾ, വീഡിയോ ക്ലാസുകൾ എന്നിവ അടങ്ങിയിട്ടുണ്ട്.




## Similar Quizzes


ഒരു പ്രത്യേക പാഠഭാഗം (Topic) ടെസ്റ്റ് പരീക്ഷിച്ചതിനു ശേഷം, ഇതേ ആശയങ്ങളിലും ഇതേ രീതിയിലുമുള്ള കൂടുതൽ ചോദ്യങ്ങളിൽ പരിശീലനം നടത്താൻ Similar Quizzes സഹായിക്കുന്നു. ഒരു പാഠഭാഗത്തിൽ മികച്ച പ്രകടനം നേടുന്നതുവരെ ഇത് ആവർത്തിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.



## Subject Drill


ഒരു വിഷയത്തെ ആകെ അടിസ്ഥാനമാക്കിയാണ് Subject Drill പരിശീലന ചോദ്യങ്ങൾ തെരഞ്ഞെടുക്കുന്നത്. ഓരോ സെഷനിലും 50 ചോദ്യങ്ങൾ അടങ്ങിയിരിക്കുന്നു. Targeted Practice പോലെത്തന്നെ വ്യത്യസ്ത പരീക്ഷ ലെവൽ, കോഴ്സ് തുടങ്ങിയവ ഇവിടെയും തെരഞ്ഞെടുക്കണം. Eg:- Physics, Chemistry

Targeted Practice ൽ ഒരു പ്രത്യേക ടോപ്പിക്കിൽ നിന്നുമുള്ള ചോദ്യങ്ങളായിരുന്നുവെങ്കിൽ Subject Drill ൽ തിരഞ്ഞെടുക്കുന്ന വിഷയത്തിലെ എല്ലാ പാഠഭാഗങ്ങളിൽ നിന്നും random ആയി 50 ചോദ്യങ്ങളാണ് ദൃശ്യമാകുന്നത്.





## Snowball Practice

ഒരു വിഷയത്തിൽ നിന്ന് ഒന്നിലധികം അധ്യായങ്ങൾ തിരഞ്ഞെടുത്ത് ഒറ്റ സെഷനിൽ പരീക്ഷയായി ലഭ്യമാകും(Cumulative Chapter Selection).



തുടർച്ചയായ പരിശീലനത്തിലൂടെ വിദ്യാർത്ഥികളെ ക്രമേണ അധ്യായങ്ങളിൽ പ്രാവീണ്യം വളർത്തിയെടുക്കുന്ന രീതിയിലാണ് ഈ മോഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.





### എ ഐ സഹായത്തോടെയുള്ള വിവിധ പഠന പദ്ധതികൾ

വ്യക്തിഗത പഠന ഷെഡ്യൂളുകൾ നിർമ്മിക്കുന്നതിനായി, വ്യത്യസ്ത പരീക്ഷകളിൽ പഠിതാക്കളുടെ പ്രകടനങ്ങൾ വിശകലനം ചെയ്യുന്ന ഒരു AI-Driven Study Plan Module പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.ഐ ലെ predictive analytics ഉപയോഗിച്ച്, ഈ സംവിധാനം വിദ്യാർഥികൾക്ക് ഫലപ്രദമായ പഠന തന്ത്രങ്ങൾ(learning strategies) ശുപാർശ ചെയ്യുന്നു, ശക്തികളും വിടവുകളും തിരിച്ചറിയുന്നു, പ്രവേശന പരീക്ഷാ സാധ്യത മെച്ചപ്പെടുത്തുന്നതിന് പദ്ധതി തുടർച്ചയായി വിദ്യാർഥിയെ നിരീക്ഷിച്ചുകൊണ്ട് വ്യക്ത്യാധിഷ്ഠിത മെന്റർ എന്നനിലയിൽ പ്രവർത്തിക്കുന്നു.

### Study plan


പ്രവേശന പരീക്ഷകൾക്ക് ഫലപ്രദമായി തയ്യാറെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഘടനാപരമായ പഠന പ്രവർത്തനങ്ങളുടെ ഒരു കൂട്ടമാണ് പഠന പദ്ധതി (Study Plan). ഇത് പഠിതാവിന്റെ പെർഫോമൻസ് തുടർച്ചയായി വിലയിരുത്തുകയും, തയ്യാറെടുപ്പ് പ്രക്രിയയിലുടനീളം ഘട്ടം ഘട്ടമായുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും വ്യക്തിഗതവും കേന്ദ്രീകൃതവുമായ പഠനം ഉറപ്പാക്കുകയും ചെയ്യുന്നു.




- ഓരോ പഠന പദ്ധതിയിലും(Study Plan) പരമാവധി ഏഴ് പഠന പ്രവർത്തനങ്ങൾ (Learning Activity) ഉൾക്കൊള്ളുന്നു.
- ഓരോ പഠന പ്രവർത്തനത്തിനും നിർദ്ദിഷ്ട ലക്ഷ്യങ്ങൾ ഉണ്ടാവും, ഉദാഹരണത്തിന് ഒരു beginner level പരീക്ഷ പൂർത്തിയാക്കുക, ഒരു നിശ്ചിത


സമയത്തിനുള്ളിൽ ഒരു subject drill നടത്തുക, വിവിധ വിഷയങ്ങളിലെ പ്രാവീണ്യം പരീക്ഷിക്കുക മുതലായവ.

- വിദ്യാർത്ഥിയുടെ പരീക്ഷാ പരിശീലനത്തെയും പ്രകടനത്തെയും അടിസ്ഥാനമാക്കി സിസ്റ്റം സ്വമേധയാ ഒരു വ്യക്തിഗത പഠന പദ്ധതി(Personalised Learning Plan) സൃഷ്ടിക്കുന്നു





- Learning Activities ക്രമാനുഗതമായാണ് സജ്ജീകരിച്ചിരിക്കുന്നത്. ഒരു activity പൂർത്തിയാക്കിയ ശേഷമേ അടുത്ത പുതിയ activity അൺലോക്ക് ആകുകയുള്ളൂ. ഇത് ആശയങ്ങളുടെ പടിപടിയായ പുരോഗതിയും സമഗ്രമായ ഗ്രാഹ്യവും ഉറപ്പാക്കുന്നു.

## Progress Bar




- ഒരു ടാസ്ക് പൂർത്തിയാകുമ്പോഴോ ഒരു ലക്ഷ്യം നേടുമ്പോഴോ, **progress Bar** അപ്ഡേറ്റ് ചെയ്യപ്പെടുന്നു.
- **Study Plan** എത്ര ശതമാനം പൂർത്തിയായി എന്ന് ഈ ബാർ വിഷ്വലായി കാണിക്കുന്നു.

- ഇത് വിദ്യാർത്ഥികളെ അവരുടെ പഠന യാത്ര ട്രാക്ക് ചെയ്യാനും പദ്ധതി പൂർത്തിയാക്കാൻ പ്രചോദിതരാകാനും സഹായിക്കുന്നു.
- പ്രൊഫൈലിന്റെ ഇടത് panel ലിൽ നിലവിലെ Study Plan ന്റെ Current Goal കാണാൻ സാധിക്കും. കുട്ടി ഇതു വരെ attend ചെയ്ത ടെസ്റ്റിന്റെ performance ന് അനുസരിച്ച് AI നിർദ്ദേശിക്കുന്ന Study plan ആണ് ഇത്.
- Attempt എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ, ലക്ഷ്യം പൂർത്തിയാക്കാനുള്ള പ്രവർത്തനത്തിലേക്ക് പോകാം.




**Performance Dashboard** കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെട്ടുകൊണ്ടേയിരിക്കും. ഓരോ Study plan പൂർത്തിയാക്കുമ്പോഴും ഓരോ ആക്ടിവിറ്റി ബാഡ്ജ് നൽകും. ഓരോ വിഷയത്തിലും എത്ര ബാഡ്ജുകൾ നേടി എന്ന വിവരവും ലഭ്യമാക്കും. ഈ വിവരം അധ്യാപകർക്കും ലഭ്യമാകും. ബാഡ്ജുകൾ സോഷ്യൽ മീഡിയ വഴി ഷെയർ ചെയ്യുവാനും സാധിക്കും.









## Personalize

വിദ്യാർത്ഥിയുടെ പ്രവർത്തനത്തെക്കുറിച്ച് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന വിശകലനം നൽകുന്ന ഒരു ഡാഷ്ബോർഡാണ് **Personalize.** ആകെയുള്ള പ്രകടനം, ചോദ്യങ്ങൾ പൂർത്തിയാക്കാൻ എടുത്ത ശരാശരി സമയം, സമീപകാല ടെസ്റ്റ് സ്കോർ, സ്ട്രീക്ക് തുടങ്ങിയ വിവിധ പാരാമീറ്ററുകൾ ഇതിൽ ഉൾപ്പെടുന്നു.




ഒരു വിദ്യാർത്ഥി തുടർച്ചയായിട്ടുള്ള ദിവസങ്ങളിൽ വിവിധ ടെസ്റ്റുകൾ attend ചെയ്യുമ്പോൾ **Streak Score** വർദ്ധിക്കുന്നു. ഇടയ്ക്ക് ഏതെങ്കിലും ദിവസം ടെസ്റ്റുകൾ attend ചെയ്യുന്നില്ലാ എങ്കിൽ Streak Score കുറയും.




## Topic wise Performance Analysis

പ്രത്യേക വിഷയ മേഖലകളിലും അധ്യായങ്ങളിലും വിദ്യാർത്ഥികൾ എങ്ങനെ പ്രകടനം കാഴ്ചവയ്ക്കുന്നുവെന്ന് മനസ്സിലാക്കാൻ സഹായിക്കുന്നതിന് Performance Analysis Facilities സഹായിക്കുന്നു. അടിയന്തര ശ്രദ്ധ ആവശ്യമുള്ള വിഷയങ്ങൾ ഇത് എടുത്തുകാണിക്കുകയും മെച്ചപ്പെടുത്തലിനായി പ്രവർത്തനക്ഷമമായ ഫീഡ്ബാക്ക് നൽകുകയും ചെയ്യുന്നു.

**Topicwise Performance Analysis**


| Topic | Performance | Attempted | Avg time | Remarks | Action |
|---|---|---|---|---|---|
| Topic: Alternating Current (AC) Chapter 1: Electric charges and fields **+2 Physics** | -13.8% | 100 | 2.8s | We need to address your approach to **Alternating Current (AC)**. The combination of low time spent and low scores indicates a significant gap. Let's start with the basics and build a consistent study routine together. | Target Topic |
| Topic: Combination of Capacitors Chapter 2: Electrostatic potential and capacitance **+2 Physics** | -8.3% | 15 | 2.7s | You're completing **Combination of Capacitors** work rapidly, but the scores show you're not grasping the core concepts. This is a critical point where we need to slow down and fill in the knowledge gaps. | Target Topic |
| Topic: AC Generator Chapter 6: Electromagnetic induction **+2 Physics** | -8.3% | 15 | 1.0s | We have a fundamental engagement issue with **AC Generator**. Success will require a significant increase in both time commitment and focus. | Target Topic |

- **Topic and Chapter** – The specific concept and chapter being analysed, along with the subject (eg: Physics)
- **Performance** – Shown as a percentage, indicating how well the student has performed in that topic. Negative values highlight poor performance and learning gaps.
- **Attempted** – The total number of questions attempted from that topic.
- **Average Time** – The average time spent per question, measured in seconds.
- **Remarks** – Personalized feedback explaining the reason for low performance and suggesting how the student should improve, such as revisiting basics, slowing down, or increasing focus and practice.

- **Action** – A **Target Topic** button that allows the student to focus specifically on that topic and generate practice sessions or study plans for improvement.

## Examination Interface

മേൽ വിവരിച്ച വ്യത്യസ്ത പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തുന്ന പ്രധാന പരീക്ഷാ ഇന്റർഫേസാണ് ഈ സ്ക്രീൻ.




Examination Interface ന്റെ മുകളിൽ കാണുന്ന ബട്ടണുകളുടെ ഉദ്ദേശ്യം താഴെ നൽകിയിരിക്കുന്നു.

- **Mark** – Flags the question for later review.
- **Clear** – Removes the selected answer.
- **Skip** – Moves to the next question without answering.
- **Report** – Allows students to report an issue with the question.
- **Exit** – Ends the current practice session or test.

## Navigation Controls

- **Previous** , **Next** buttons allow movement between questions.
- A progress indicator (for example, **6 / 9**) shows the current question number out of the total.
- The **Rate the Question** feature lets students provide feedback using emoji-style icons.

Question Area, Question Palette എന്നിവ ഉപയോഗപ്പെടുത്തി വ്യത്യസ്ത ചോദ്യങ്ങളിലേക്ക് navigate ചെയ്യാവുന്നതാണ്. Attend ചെയ്ത ചോദ്യത്തിന്റെ status palette ൽ വ്യത്യസ്ത നിറങ്ങളിൽ ലഭ്യമാകും (Not visited, Viewed, Answered, Marked, Skipped). വ്യത്യസ്ത നാവിഗേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഒരിക്കൽ attend ചെയ്ത ചോദ്യം final submission ന് മുമ്പായി ആവശ്യമെങ്കിൽ തിരുത്താവുന്നതാണ്.